©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br><br>Thiruvananthapuram,<br>Friday | 2021 ഫെബ്രുവരി 05<br>05th February 2021<br>1196 മകരം 23<br>23rd Makaram 1196<br>1942 മാഘം 16<br>16th Magha 1942 | നമ്പർ<br>No. **539** |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (P) No. 16/2021/LBR.

*Dated, Thiruvananthapuram, 27th January, 2021*
*14th Makaram, 1196.*

**S. R. O. No. 124/2021**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(P)No.154/2011/LBR dated 12th September, 2011 and published as S.R.O. No. 611/2011 in the Kerala Gazette Extraordinary No. 1812 dated 26th September, 2011, the Government of Kerala after considering the objections

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

and suggestions received on the draft proposals previously published as notification No. LBRD-E1/42/2020-LBRD dated 18th June, 2020 in the Kerala Gazette Extraordinary No. 1514 dated 19th June, 2020 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Construction/Maintenance of Dams in the State of Kerala, as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**I. Basic Wages**

(a) Rates of Daily Wages:

| *Sl. No.* | *Category/Work* | *Daily Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1. | Group A<br>Supervisor | 800 |
| 2. | Group B<br>1. Milling Machine Operator<br>2. Proclaine Operator<br>3. J.C.B. Operator<br>4. Hitachi Machine Operator<br>5. Drilling Machine Operator<br>6. Machine Operator<br>7. Boring Machine Operator<br>8. Technician (Electrical/Mechanical) | 780 |
| 3. | Group C<br>1. Mason, Tile Mason<br>2. Blacksmith<br>3. Tin Smith, Carpenter<br>4. Bench Fitter, Stretcheral Fitter<br>5. Granite Chipper, Electrician<br>6. Kalasi, Chisel Man, Mechanic<br>7. Welder, Turner, Compressor, Fitter | 730 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. Group D

| | |
|---|---|
| 1. Painter, Lineman, Wireman<br>2. Boat Driver, Leveler Grouter<br>3. Cutter, Blaster, Driller<br>4. Vibrator Operator, Tyre Fitter<br>5. Pump Driver, Mixer Driver<br>6. Machine Man, Hammer Man, Grainter<br>7. Noselman, Skilled Worker | 700 |

5. Group E

| | |
|---|---|
| 1. Excavating Worker<br>2. General Worker, Runner, Valve man<br>3. Helper | 660 |

6. Group F

| | |
|---|---|
| 1. Cleaner<br>2. Sweeper | 480 |

(b) Monthly Rate of Wages:

| *Sl. No.* | *Category/Work* | *Monthly Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1<br>2 | Shift Engineer<br>Site Engineer | 20,890 |
| 3 | Accountant, Clerk, Store Keeper, Driver | 12,970 |
| 4 | Attender, Peon, Watchman, Security Guard | 12,640 |

**II. Dearness Allowance**

In addition to the rate of basic wages, the employees shall be eligible for Dearness Allowance calculated on the basis of Consumer Price Index published for the concerned District Headquarters by the Department of Economics and Statistics for the increase in every point above 300 points in new series i.e., 1998-99=100 at the rate of ₹ 26 (Rupees Twenty six only) for monthly waged employees and ₹ 1 (Rupee One only) for daily waged employees.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. General Conditions**

1. In the case of employees who are at present getting higher wages than the minimum wages fixed as per this notification they shall continue to get such higher rates.
2. If any of the post is not mentioned in the schedule above, they shall be given the scale of pay equivalent to the employees in equivalent post.
3. Daily wages of the monthly paid employees or class of employees under this notification shall be calculated by dividing the monthly wages by 26 and the monthly wages of the daily waged employees will be calculated by multiplying the daily wages by 26.

By order of the Governor,

SATYAJEET RAJAN,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had fixed the minimum rates of wages payable to the employees employed in the Construction/Maintenance of Dams in the State of Kerala as per notification issued under G.O. (P) No. 154/2011/LBR dated 12th September, 2011 and published as S.R.O. No. 611/2011 in the Kerala Gazette Extraordinary No. 1812 dated 26th September, 2011. The Government have now decided to revise the existing minimum rates of wages in the Construction/Maintenance of Dams sector after considering the objections and suggestions received on the draft proposal published as notification No. LBRD-E1/42/2020-LBRD dated 18th June, 2020 in the Kerala Gazette Extraordinary No. 1514 dated 19th June, 2020 and in consultation with the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 16/2021/തൊഴിൽ.

*തിരുവനന്തപുരം, 2021 ജനുവരി 27*
*1196 മകരം 14.*

**എസ്.ആർ.ഒ. നമ്പർ 124/2021**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ.ഉ. (പി) 154/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റംബർ 26-ാം തീയതിയിലെ 1812-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 611/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2020 ജൂൺ 18-ാം തീയതിയിലെ ഇ1/42/2020/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജൂൺ 19-ാം തീയതിയിലെ 1514-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, സംസ്ഥാനത്തെ 'അണക്കെട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും' മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

I. **അടിസ്ഥാന വേതനം**
(എ) ദിവസ വേതന നിരക്കുകൾ:

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *അടിസ്ഥാന ദിവസ വേതനം (രൂപ)* |
|---|---|---|
| (1) | (2) | (3) |
| 1. | ഗ്രൂപ്പ് എ<br>സൂപ്പർവൈസർ | 800 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ഗ്രൂപ്പ് ബി

| | |
|---|---|
| 1. മില്ലിംഗ് മെഷീൻ ഓപ്പറേറ്റർ<br>2. പ്രൊക്ലെൻ ഓപ്പറേറ്റർ<br>3. ജെ.സി.ബി. ഓപ്പറേറ്റർ<br>4. ഹിറ്റാച്ചി മെഷീൻ ഓപ്പറേറ്റർ<br>5. ഡ്രില്ലിംഗ് മെഷീൻ ഓപ്പറേറ്റർ<br>6. മെഷീൻ ഓപ്പറേറ്റർ<br>7. ബോറിംഗ് മെഷീൻ ഓപ്പറേറ്റർ<br>8. ടെക്നീഷ്യൻ (ഇലക്ട്രിക്കൽ/മെക്കാനിക്കൽ) | 780 |

3. ഗ്രൂപ്പ് സി

| | |
|---|---|
| 1. മേസൺ, റൈൽ മേസൺ<br>2. ബ്ലാക്ക്സ്മിത്ത്<br>3. ടിൻ സ്മിത്ത്, കാർപ്പെന്റർ<br>4. ബെഞ്ച് ഫിറ്റർ, സ്ട്രെച്ചറൽ ഫിറ്റർ<br>5. ഗ്രാനൈറ്റ് ചിപ്പർ, ഇലക്ട്രീഷ്യൻ<br>6. കലാസി, ചിസൽ മാൻ, മെക്കാനിക്<br>7. വെൽഡർ, ടർണർ, കംപ്രസർ, ഫിറ്റർ | 730 |

4. ഗ്രൂപ്പ് ഡി

| | |
|---|---|
| 1. പെയിന്റർ, ലിങ്ക്മാൻ, വയർമാൻ<br>2. ബോട്ട് ഡ്രൈവർ, ലെവലർ ഗ്രൗട്ടർ<br>3. കട്ടർ, ബ്ലാസ്റ്റർ, ഡ്രില്ലർ<br>4. വൈബ്രേറ്റർ ഓപ്പറേറ്റർ, ടയർ ഫിറ്റർ<br>5. പമ്പ് ഡ്രൈവർ, മിക്സർ ഡ്രൈവർ<br>6. മെഷീൻമാൻ, ഹാമ്മർമാൻ, ഗ്രൈന്റർ<br>7. നോസിൽമാൻ, സ്കിൽഡ് വർക്കർ | 700 |

5. ഗ്രൂപ്പ് ഇ

| | |
|---|---|
| 1. എസ്കവേറ്റിംഗ് വർക്കർ<br>2. ജനറൽ വർക്കർ, റണ്ണർ, വാൽവ്മാൻ<br>3. ഹെൽപ്പർ | 660 |

6. ഗ്രൂപ്പ് എഫ്

| | |
|---|---|
| 1. ക്ലീനർ<br>2. സ്വീപ്പർ | 480 |

(ബി) മാസവേതന നിരക്കുകൾ:

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *അടിസ്ഥാന മാസ വേതനം (രൂപ)* |
|---|---|---|
| (1) | (2) | (3) |
| 1<br>2 | ഷിഫ്റ്റ് എൻജിനീയർ<br>സൈറ്റ് എൻഞ്ചിനീയർ | 20,890 |
| 3 | അക്കൗണ്ടന്റ്, ക്ലർക്ക്, സ്റ്റോർ കീപ്പർ, ഡ്രൈവർ | 12,970 |
| 4 | അറ്റൻഡർ, പ്യൂൺ, വാച്ച്മാൻ, സെക്യൂരിറ്റി ഗാർഡ് | 12,640 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ വിഭാഗം തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയുടെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസവേതനക്കാർക്ക് 26 രൂപ (ഇരുപത്തിയാറ് രൂപ) നിരക്കിലും ദിവസവേതനക്കാർക്ക് 1 രൂപ നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**III. പൊതു വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.
2. ഏതെങ്കിലും തസ്തിക പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.
3. ഈ വിജ്ഞാപനത്തിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള ജീവനക്കാർക്ക് ദിവസവേതനം ആ തസ്തികയ്ക്ക് അർഹതപ്പെട്ട മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗം ജീവനക്കാരന്റെ മാസവേതനം മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സത്യജീത് രാജൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ അണക്കെട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ. ഉ. (പി) 154/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റബർ 26-ാം തീയതിയിലെ 1812-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 611/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2020 ജൂൺ 18-ാം തീയതിയിലെ ഇ1/42/2020/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജൂൺ 19-ാം തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1514-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ അണക്കെട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.05 02:20:26 +05:30